പിന്നോക്കക്കാർക്ക് പൂർണ്ണമായും ലഭ്യമാക്കാൻ വേണ്ടിയുള്ള പ്രമേയം ഒരിക്കൽ ഞാൻ ഈ സഭയിൽ അവതരിപ്പിച്ചതാണ്. അതുകൊണ്ട് ഈ സമുദായത്തിൽ അവശത അനുഭവിക്കുന്നവർക്ക് വിദ്യാഭ്യാസ രംഗത്തും അതുപോലെ സർക്കാർ ജോലിയുടെ കാര്യത്തിലും കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. വിശ്വകർമ്മ സമുദായം വളരെ പരിഗണന അർഹിക്കുന്ന ഒരു വിഭാഗം തന്നെയാണ്. അതുകൊണ്ടു തന്നെയാണ് ആ സമുദായത്തെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചത്. ഇവരെ ക്രീമിലെയറിൽനിന്ന് പൂർണ്ണമായി ഒഴിവാക്കണമെന്ന സുപ്രീംകോടതി വിധി സംബന്ധിച്ച് ഒരു കേസ് നിലനിൽക്കുകയാണ്. കേസ് ആ വിധിയെ ചോദ്യം ചെയ്താണ് വന്നിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ അത് സംബന്ധിച്ച് ഒരു തീരുമാനമെടുക്കാൻ സാധിക്കില്ല. സംസ്ഥാന ഗവൺമെന്റ് എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. അതിപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. അത് സംബന്ധിച്ച് ഒരു തീരുമാനം എത്രയുംവേഗം ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മറ്റു കാര്യങ്ങൾ ഗവൺമെന്റിന്റെ സജീവപരിഗണനയിലാണ്.

(6) 27-5-2005-ന് തൃശൂർ കോർപ്പറേഷൻ ഓഫീസിനുമുൻപിൽ പിക്കറ്റിംഗ് നടത്തിയ നാഷണൽ യൂത്ത് കോൺഗ്രസ് (ഇന്ദിര) പ്രവർത്തകർക്കുനേരെ നടന്ന പോലീസ് ആക്രമണം

ശ്രീ. ജോണി നെല്ലൂർ: സർ, സത്യത്തിൽ അടിയന്തിരപ്രമേയമായി കൊണ്ടുവരേണ്ട ഒരു വിഷയമായിരുന്നു. തൃശ്ശൂർ കോർപ്പറേഷൻ അതിർത്തിയിൽ മഞ്ഞപ്പിത്തവും പനിയും ബാധിച്ച് ഒട്ടേറെപ്പേർ മരിക്കുകയും നിരവധിപേർ ആശുപത്രിയിൽ കഴിയുകയുംചെയ്യുന്ന സാഹചര്യമുണ്ട്. ഇതിനെതിരെ ഫലപ്രദമായി നടപടികൾ സ്വീകരിക്കാൻ കോർപ്പറേഷൻ തയ്യാറായില്ല എന്നുള്ള പ്രതിഷേധവുമായി നാഷണൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ ഒരു സമരത്തിനായി തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിനുമുൻപിൽ ചെന്നപ്പോൾ അവിടെ തൃശ്ശൂർ ഈസ്റ്റ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഷാഹുൽ ഹമീദിന്റെ നേതൃത്വത്തിൽ നടന്ന നരനായാട്ട്, നാഷണൽ യൂത്ത് കോൺഗ്രസ് (ഇന്ദിര)യുടെ ഭാരവാഹികളായ ഷിഹാബ്, കലൂർ ബാബു, ശിവാനന്ദൻ, പ്രേമചന്ദ്രൻ, ജോയി വല്ലഞ്ചിറ, ജില്ലാ നേതാക്കളായ ഷാമി മാത്യു, ജിഫിൻ ജോർജ് എന്നിവരെ ക്രൂരമായി മർദ്ദിച്ചു. പോലീസ് ജീപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചതിന്റെ ഫലമായി ജിഫിൻ ജോർജ് ചോര ഛർദ്ദിച്ചു, തലയ്ക്ക് പരിക്കുപറ്റി, കാലൊടിഞ്ഞു. മൃഗീയമായ മർദ്ദനമായിരുന്നു. യാതൊരു പ്രകോപനവുമില്ലാതെ ആ പ്രവർത്തകരെ

LIBRARY ARCHIVES Kerala Legislative Assembly

തല്ലിച്ചതച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നോർക്കണം, മാസങ്ങൾക്കുമുൻപ് അങ്ങേയ്ക്ക് മുദ്രാവാക്യം വിളിച്ച ആളുകളാണ് അവർ. ബഹുമാനപ്പെട്ട സ്പീക്കർക്ക് നേരിട്ടറിയാവുന്ന വ്യക്തികളാണവർ. അവരുടെ പേരിൽ കള്ളക്കേസെടുത്തിരിക്കുകയാണ്. പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഷാഹുൽ ഹമീദ് യാതൊരു പ്രകോപനവുമില്ലാതെ ആരെയോ പ്രീണിപ്പിക്കാൻവേണ്ടി നാഷണൽ യൂത്ത് കോൺഗ്രസ് (ഇന്ദിര) പ്രവർത്തകരെ ക്രൂരമായി മർദ്ദിക്കുകയും ആ മർദ്ദനത്തിനുശേഷം അനാവശ്യമായ കള്ളക്കേസുകൾ എടുത്ത് അവരെ ജയിലിൽ അടച്ചിരിക്കുകയുമാണ്. അതിനെതിരെ അന്വേഷണം ഏർപ്പെടുത്തണമെന്നും കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥരുടെപേരിൽ നടപടിയെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, പകർച്ചവ്യാധികൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല എന്നാരോപിച്ച് തൃശ്ശൂർ കോർപ്പറേഷൻ മേയർക്കെതിരെ നാഷണൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ 27-5-2005-ന് ഉപരോധ നടപടികൾ സ്വീകരിക്കുമെന്ന് പോലീസിന് അറിവ് ലഭിച്ചു. അതിന്റെ വെളിച്ചത്തിൽ കോർപ്പറേഷൻ പരിസരത്ത് പോലീസ് ബന്തവസ് ഏർപ്പെടുത്തിയിരുന്നു. രാവിലെ എത്തിയ പ്രകടനക്കാർ കോർപ്പറേഷൻ ഓഫീസിനുപുറത്ത് കാത്തുനിന്നു. മേയർ എത്താത്തതിനെത്തുടർന്ന് പ്രകടനക്കാർ സെക്രട്ടറിയുടെ ഓഫീസ് ചവിട്ടിപ്പൊളിച്ച് അകത്തുകയറി. അവരെ എന്തുചെയ്യണമെന്നാണ് പറയുന്നത്? പൊതുമുതൽ നശിപ്പിക്കുകയും അക്രമം കാണിക്കുകയും ചെയ്താൽ അവരുടെ സ്ഥാനം ജയിലിൽ തന്നെയാണ്. നിയമവാഴ്ച ഉറപ്പുവരുത്തുക എന്നതാണ് ഒരു ജനാധിപത്യഗവൺമെന്റിന്റെ ചുമതല. ആ ചുമതല നിറവേറ്റുക മാത്രമേ ചെയ്തുള്ളൂ. പതിനാറുപേരുടെ പേരിൽ കേസുണ്ട്, എട്ടുപേർ ആശുപത്രിയിലാണ്. ഇതിനെക്കുറിച്ച് യാതൊരു അന്വേഷണവും നടത്തുന്നില്ല. അതിന്റെ ആവശ്യമില്ല. പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെയും അക്രമം കാണിക്കുന്നവർക്കെതിരെയും ഇനിയും കർശന നടപടികൾ എടുക്കുകതന്നെ ചെയ്യും.

(7) സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ 2003-2004, 2004-2005 അധ്യയന വർഷങ്ങളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജുകളിലെ ഫീസ് നിരക്ക്

ശ്രീ. പി. എസ്. സുപാൽ: സർ, സർക്കാരിന്റെ നിയന്ത്രണത്തിലുള്ള IHRD പോലുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസിൽ പഠിക്കുവാനുള്ള തീരുമാനം എടുത്തു എന്നാണ് ഗവൺമെന്റ് പറഞ്ഞത്. വിദ്യാർത്ഥികൾ പ്രക്ഷോഭം നടത്തി അവസാനം അത് സംബന്ധിച്ച ഉറപ്പ് വിദ്യാർത്ഥികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly